**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **06-12-2022 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയൺസ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയർ റയൺസ് ഭൂമി വർഷങ്ങളായി വെറുതെ കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണ്; ഇതിൽ സർക്കാർ ഏറ്റെടുത്ത് വ്യവസായ ആവശ്യത്തിന് വേണ്ടി നൽകിയത് എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ഭൂമിയുടെ ആകെ വിസ്തീർണ്ണം 320.78 ഏക്കർ ആണ്. ഇതിൽ നിന്നും സർക്കാർ ഏറ്റെടുത്ത് വ്യവസായ ആവശ്യത്തിന് വേണ്ടി നൽകിയത് 238.41 ഏക്കർ ആണ്. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ നിന്ന് ഗ്വാളിയർ റയൺസ് കമ്പനിക്ക് സൗജന്യമായി സ്ഥലം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിസ്തീർണം എത്രയാണെന്നറിയിക്കാമോ; | (സി) | ഉണ്ട്. 5.94 ഏക്കർ |
| (ഡി) | ഏറ്റെടുത്ത് നൽകിയ ഭൂമി വ്യവസായ ആവശ്യത്തിന് ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ ആയത് തിരിച്ചെടുക്കുന്നതിൽ നിയമപരമായ തടസമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ; | (ഡി) | ടി ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C).33103/2017 ആയി റിട്ട് ഹർജി ബോധിപ്പിച്ചിട്ടുണ്ട്. ആയത് തീർപ്പാകാതെ ഭൂമി തിരിച്ചെടുക്കുന്നതിൽ നിയമപരമായ തടസമുണ്ട്. WP(C).33103/2017 നമ്പർ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 17/05/2022-ന് കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടിക്കാഴ്ച്ച നടത്തി തുടർനടപടി സ്വീകരിക്കുകയും ഇതിന്റെ ഭാഗമായി ബഹു.ഹൈക്കോടതിയിൽ ഈ കേസ് പരിഗണനയ്ക്ക് വന്നിട്ടുള്ളതുമാണ്. |
| (ഇ) | പുറമ്പോക്ക് ഭൂമിയിൽ നിന്ന് സൗജന്യമായി വിട്ടുനൽകിയ സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി തിരിച്ചെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഇത് സംബന്ധിച്ച് നിലവിൽ തീരുമാനം സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ